2012 മുതൽ 2014 വരെ വിവിധ ജില്ലകളിൽനിന്നും മലബാർ ക്യാൻസർ സെന്ററിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ക്യാൻസർ രോഗികളുടെ എണ്ണം ജില്ല തിരിച്ച് :

ജില്ല	2012	2013	2014
കണ്ണൂർ	1908	3680	3726
കോഴിക്കോട്	562	894	1013
കാസർഗോഡ്	376	612	694
വയനാട്	100	161	238
മലപ്പുറം	87	200	202
പാലക്കാട്	20	57	59
തൃശ്ശൂർ	10	55	27
ആലപ്പുഴ	3	4	4
പത്തനംതിട്ട	2	1	1
കൊല്ലം	...	...	3
എറണാകുളം	1	2	7
ഇടുക്കി	...	1	2
കോട്ടയം	1	4	4
തിരുവനന്തപുരം	1	...	3
ആകെ	**3071**	**5671**	**5983**

ജീവിതശൈലീ രോഗനിർണ്ണയത്തിന് സംവിധാനം

75 (740) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജീവിതശൈലീ രോഗനിർണ്ണയത്തിനും ചികിത്സയുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ് ; ഗ്രാമീണതലത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് നിയോഗിക്കപ്പെട്ട സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ജീവിതശൈലീ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് സംസ്ഥാന ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി (അമൃതം ആരോഗ്യം). ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ സാമൂഹിക ആരോഗ്യകേന്ദ്രങ്ങളിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും നടപ്പിലാക്കിവരുന്നു. ആറായിരത്തോളം വരുന്ന ഈ കേന്ദ്രങ്ങളിൽ ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്താതിസമ്മർദ്ദം എന്നിവ നിർണ്ണയിക്കുന്നതിനുള്ള പ്രതിവാര ക്ലിനിക്കുകൾ സജ്ജമാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രതലംവരെ ജീവിതശൈലീ രോഗങ്ങൾക്കായുള്ള മരുന്നുകളും സൗജന്യമായി നൽകിവരുന്നുണ്ട്. ജീവിതശൈലീ രോഗനിയന്ത്രണത്തിനാവശ്യമായ ആരോഗ്യ ബോധവൽക്കരണം ജീവനക്കാരിലൂടെ നൽകിവരുന്നുണ്ട്.

സ്കൂൾതലങ്ങളിൽ വിദ്യാർത്ഥികളെ ജീവിതശൈലീരോഗങ്ങൾ വരാതെ പ്രതിരോധിക്കുന്നതിന് ആരോഗ്യ ബോധവൽക്കരണവും, യോഗ ഉൾപ്പെടെയുള്ള വ്യായാമങ്ങൾ പരിശീലിപ്പിക്കുന്നതിനും LEAP (ലൈഫ് സ്റ്റൈൽ എഡ്യൂക്കേഷൻ ആന്റ് അവയർനസ്സ് പ്രോഗ്രാം) നടപ്പിലാക്കിവരുന്നു.

വിദൂര പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്കായി Care on wheels, care on waves എന്നീ സഞ്ചരിക്കുന്ന ജീവിതശൈലീ രോഗനിയന്ത്രണ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. Work place Intervention-ലൂടെ ഓഫീസുകൾ, ഫാക്ടറികൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർക്കും, പോലീസുകാർക്കുമായി SHAPE പ്രോഗ്രാമിലൂടെയും ജീവിതശൈലീ രോഗനിയന്ത്രണം നടത്തിവരുന്നു.

ഞാറക്കൽ, മുനമ്പം സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേണും, ഒ.പി.യും.

76 (741) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഞാറക്കൽ സർക്കാർ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിരിക്കുന്ന 1961-ലെ സ.ഉ. (ആർ.ടി.) 3150/61 ഹെൽത്തിൽനിന്നും വ്യത്യസ്തമായി രണ്ട് ഡോക്ടർമാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിക്കുന്നതിനുള്ള കാരണം എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ ;